# വാളയാർ ചെക്ക് പോസ്റ്റിൽ കുടുംബശ്രീ പാലക്കാട് ജില്ലാമിഷന്റെ ഗ്ലോബൽ കുടുംബശ്രീ കഫേ

കോവിഡ്19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വാളയാർ ചെക്ക് പോസ്റ്റിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നവർക്ക് രുചികരമായ ഭക്ഷണം പാകം ചെയ്തു നൽകുകയാണ് കുടുംബശ്രീ പാലക്കാട് ജില്ലാമിഷന്റെ ഗ്ലോബൽ കുടുംബശ്രീ കഫേ. ആരോഗ്യപ്രവർത്തകർ, പോലീസ് ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, ഇതര സംസ്ഥാനങ്ങളിൽ നിന്നും അതിർത്തി കടന്നെത്തുന്ന പൊതുജനങ്ങൾ എന്നിവർക്കാണ് ഗ്ലോബൽ കുടുംബശ്രീ കഫേയിലൂടെ ഭക്ഷണം ഒരുക്കി നൽകുന്നത്. ദിവസവും 250 ഓളം ആളുകൾക്കാണ് ഇത്തരത്തിൽ ഭക്ഷണം ഒരുക്കി നൽകുന്നത്. മെയ് 4 നാണു ഗ്ലോബൽ കുടുംബശ്രീ കഫേ പ്രവർത്തനം ആരംഭിച്ചത്.

ജില്ലയിലെ പുതുശേരി സി.ഡി.എസ്സിലെ 15 കുടുംബശ്രീ അംഗങ്ങൾക്കാണ് കഫേയുടെ നടത്തിപ്പിന്റെ ചുമതല. ചായ, കാപ്പി, ഇഡ്ഡലി, ദോശ, ലഘു പലഹാരങ്ങൾ, ഊണ്, ലെമൺ റൈസ്, ടൊമാറ്റോ റൈസ്, ചപ്പാത്തി, തുടങ്ങിയ വിഭവങ്ങൾ ആണ് ഗ്ലോബൽ കുടുംബശ്രീ കഫേയിലൂടെ ലഭ്യമാവുക. കുടുംബശ്രീ പാലക്കാട് ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ കാന്റീൻ ആൻഡ് കാറ്ററിങ് നടത്തിപ്പിൽ വിദഗ്ധ പരിശീലനം നേടിയ ഗ്ലോബൽ കുടുംബശ്രീ കഫേ ഗ്രൂപ്പ് ആദ്യമായാണ് ഇത്തരമൊരു ചുമതല ഏറ്റെടുക്കുന്നത്. ചെക്ക് പോസ്റ്റിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അറുപതോളം ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്കും, അൻപതോളം പോലീസ് ഉദ്യോഗസ്ഥർക്കും ആണ് ഗ്ലോബൽ കുടുംബശ്രീ കഫേ ഭക്ഷണം പാകം ചെയ്ത നൽകുന്നത്. കുടുംബശ്രീ അംഗങ്ങളുടെ കുടുംബാംഗങ്ങളും സഹായവുമായി

ഒപ്പമുണ്ട്. കുടുംബശ്രീ പാലക്കാട് ജില്ലാമിഷൻ പൂർണ പിന്തുണയും ഗ്ലോബൽ കുടുംബശ്രീ കഫേയ്ക്കുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചാണ് ഗ്ലോബൽ കുടുംബശ്രീ കഫേ ഭക്ഷണം പാകം ചെയ്ത് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നത്.